# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE:11.10.2024

RIJU TVPM

1. യുദ്ധത്തിന്റെ കാലഘട്ടമല്ല ഇതെന്നും മാനുഷിക സമീപനത്തിനും നയതന്ത്രത്തിനും ഊന്നൽ നൽകണമെന്നും 19-ാമത് കിഴക്കനേഷ്യൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. അന്താരാഷ്ട്ര നിലവാരമുള്ള തിരുവനന്തപുരത്തെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

3. ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യാൻ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷത്തിന്റെ വാക്കൗട്ട്.

4. ഗ്രാമീണ മേഖലകളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി ചെറിയ ബസുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി കെ ബി ഗണേഷ്കുമാർ.

5. സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്ക് സാദ്ധ്യത; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. രഞ്ജി ട്രോഫിയിൽ കേരളം - പഞ്ചാബ് മത്സരം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

**********************************************************

ഹെഡ്‌ലൈൻ-1

## പ്രധാനമന്ത്രി-കിഴക്കൻ ഏഷ്യാ

ലാവോസിലെ വിയന്റിയനിൽ നടക്കുന്ന 19-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. ഇത് യുദ്ധത്തിൻറെ കാലഘട്ടമല്ലെന്നും സംഘർഷങ്ങൾക്കുള്ള പരിഹാരം യുദ്ധ ഭൂമിയിൽ നിന്നല്ല ഉണ്ടാകേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു. മാനുഷിക സമീപനം, സംഭാഷണം, നയതന്ത്രം എന്നിവയ്ക്ക് ഊന്നൽ നൽകണമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*********************************

ഹെഡ്‌ലൈൻ-3

## നിയമസഭ:പ്രതിപക്ഷ വാക്ക് ഔട്ട്

നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യാൻ നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോയത്. നോട്ടീസിൽ പറഞ്ഞിരിക്കുന്ന വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലാണ് നോട്ടീസിന് അനുമതി നിഷേധിക്കുന്നത് എന്ന് സ്പീക്കർ അറിയിച്ചു. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയത്.

*********************************

RNU TVPM

## വി ഡി സതീശൻ

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സർക്കാർ പ്രതിരോധത്തിലാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. വാക്ക് ഔട്ടിനു ശേഷം നിയമസഭ മീഡിയ റൂമിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമസഭയിൽ ഹേമ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്യാൻ സർക്കാരിന് ഭയമാണെന്നും സ്ത്രീസുരക്ഷ അങ്ങേയറ്റം അപകടത്തിലാക്കിയ സർക്കാരാണിതെന്നും ശ്രീ വി ഡി സതീശൻ ആരോപിച്ചു.

**********************************

ഹെഡ്ലൈൻ-4

## കെ ബി ഗണേഷ് കുമാർ (ഇൻട്രോ)

ഗ്രാമീണ മേഖലകളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നത്തിനായി ചെറിയ ബസുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി കെ ബി ഗണേഷ്കുമാർ നിയമസഭയെ അറിയിച്ചു. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് KSRTC സർവീസ് ഏറ്റവും നന്നായി നടത്താനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് പറഞ്ഞു.

## (ഹോൾഡ് വോയിസ്)

KSRTC ഡി പ്പോകളിലെ ശൗചാലയങ്ങൾ നവീകരിക്കുന്ന പ്രവർത്തനം ആരംഭിച്ചതായും, ആദ്യ ഘട്ടത്തിൽ ആലുവ, കൊട്ടാരക്കര, തിരുവനന്തപുരം ഉൾപ്പെടെ 10 ഡിപ്പോകളിലെ ശുചിമുറികൾ നവീകരിക്കുമെന്നും മന്ത്രി നിയമസഭയെ അറിയിച്ചു. KSRTC പത്ത് ഫ്യൂവൽ പമ്പുകൾ പുതുതായി

RNUTVPM

ആരംഭിക്കുമെന്ന് പറഞ്ഞ മന്ത്രി, വീട്ടിലെത്തിക്കുന്ന കൊറിയർ സംവിധാനം ആരംഭിക്കുന്നതിനായി ചർച്ച നടക്കുന്നതായും അറിയിച്ചു.

*********************************

## നിയമസഭ-പി പ്രസാദ്

ജൈവ ഉത്പന്നങ്ങൾക്ക് പ്രത്യേക വിപണി തയ്യാറാക്കാൻ സർക്കാർ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി മന്ത്രി പി പ്രസാദ് നിയമസഭയെ അറിയിച്ചു. ജൈവ ഉത്പന്നങ്ങൾക്കുള്ള സർട്ടിഫിക്കേഷന് വേണ്ടി കർഷകർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുമെന്നും, സാമ്പത്തിക സഹായ വിതരണം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

*********************************

ഹെഡ്‌ലൈൻ-2

## കോട്ടൂർ-മുഖ്യമന്ത്രി

അന്താരാഷ്ട്ര നിലവാരമുള്ള തിരുവനന്തപുരത്തെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കിഫ്ബിയിൽ നിന്നു 105 കോടി രൂപ ചെലവഴിച്ചാണ് കേന്ദ്രം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത്. അഗസ്ത്യ വനത്തിനോട് ചേർന്ന 175 ഹെക്ടർ വനപ്രദേശത്താണ് കേന്ദ്രം. അമ്പതോളം ആനകളെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്കനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും പാർപ്പിക്കാൻ സാധിക്കും. വന ആവാസ വ്യവസ്ഥയിൽ ആനകളെ പരിപാലിക്കുന്ന ഏഷ്യയിലെ ആദ്യ സംരംഭമാണിത്.

*********************************

RNU TVPM

## നിയമസഭ - വി അബ്ദുറഹിമാൻ

ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗ ദീപം എന്ന പേരിൽ പുതിയ സ്കോളർഷിപ് പദ്ധതി ആരംഭിക്കുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ. ഇതിനായി തുക നീക്കി വച്ചിട്ടുണ്ടെന്നും അടിയന്തരമായി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും അദ്ദേഹം നിയമസഭയിൽ അറിയിച്ചു.

**********************************

## ജോർജ്ജ് കുര്യൻ

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കൊല്ലം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ BJP അംഗത്വ ക്യാമ്പയിന്റെ ഭാഗമായ പാർട്ടി - സമ്പർക്ക പരിപാടികളിൽ പങ്കെടുത്തു. രാവിലെ കൊല്ലം കോർപ്പറേഷൻ പരിധിയിലെ ഉളിയക്കോവിൽ, ആശ്രാമം പ്രദേശങ്ങളിലെത്തിയ മന്ത്രിക്ക് ജനങ്ങൾ സ്വീകരണം നൽകി.

**********************************

PNU TVPM

## നികുതി വിഹിതം അനുവദിച്ചു

സംസ്ഥാനങ്ങൾക്കായി ഒരു ലക്ഷത്തി 78,000 കോടി രൂപയുടെ നികുതി വിഹിതം അനുവദിച്ച് കേന്ദ്ര സർക്കാർ. കേരളത്തിന് 3430 കോടി രൂപ ലഭിക്കും. വരാനിരിക്കുന്ന ഉത്സവ സീസൺ കണക്കിലെടുത്ത് മൂലധന ചെലവ് ത്വരിതപ്പെടുത്തുന്നതിനും വികസന- ക്ഷേമ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുമാണ് മുൻകൂർ ഗഡു നൽകുന്നതെന്ന് കേന്ദ്ര ധനമന്ത്രാലയം വ്യക്തമാക്കി.

**********************************

## മ്യൂറിൻ ടൈഫസ്

തിരുവനന്തപുരത്ത് മ്യൂറിൻ ടൈഫസ് രോഗബാധ സ്ഥിരീകരിച്ചു. വിദേശത്ത് നിന്ന് വന്ന 75 കാരനാണ് രോഗബാധ സ്ഥിരീകരിച്ചത്. ചെള്ള് പനിക്ക് സമാനമായ ബാക്ടീരിയൽ രോഗം ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യുന്നത് അപൂർവമായാണ്. രോഗി തലസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. സി എം സി വെല്ലൂരിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്.

*********************************

## അന്താരാഷ്ട്ര ബാലികാ ദിനം

ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം. ലിംഗസമത്വം, വിദ്യാഭ്യാസം, പെൺകുട്ടികൾക്കുള്ള അവസരങ്ങൾ എന്നിവയുടെ പ്രാധാന്യം ഈ ദിവസം എടുത്തുകാണിക്കുന്നു. അന്താരാഷ്ട്ര ബാലികാ ദിനത്തോടനുബന്ധിച്ച് സംസ്ഥാന ബാലാവകാഷ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ കമ്മീഷൻ അംഗം അഡ്വ.സുനന്ദ ആകാശവാണി വാർത്തകളോട് പങ്കുവെച്ചു.

(ഹോൾഡ്)

*********************************

ഹെഡ്ലൈൻ-5

**മഴ**

സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്ക് സാദ്ധ്യത. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.മോശം കാലാവസ്ഥയ്ക്കും ശക്തമായ തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ കേരള -

RNU TVPM

ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് വിലക്കുണ്ട്.

*********************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫിയിൽ കേരളം - പഞ്ചാബ് മത്സരം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. തുമ്പ സെൻറ് സേവിയേഴ്സ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടി ആദ്യം ബാറ്റിംഗിന് ഇറങ്ങിയ പഞ്ചാബ് ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 62 റൺസ് എടുത്തിട്ടുണ്ട്. കേരളത്തിന് വേണ്ടി ആദിത്യ സർവാതെ രണ്ട് വിക്കറ്റ് നേടി.

RNU TVPM

*********************************

## നവരാത്രി

നവരാത്രി ആഘോഷങ്ങളിൽ ഏറ്റവും പവിത്രമായി കണക്കാക്കുന്ന ദുർഗാഷ്ടമിയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്. പനച്ചിക്കാട്, ചോറ്റാനിക്കര, പൂജപ്പുര സരസ്വതി മണ്ഡപം, ആറ്റുകാൽ ഭഗവതി ക്ഷേത്രം, കല്ലേക്കുളങ്ങര, തിരുവുള്ളക്കാവ് തുടങ്ങിയ ക്ഷേത്രങ്ങളിലെല്ലാം വിപുലമായ ചടങ്ങുകളാണ് നടക്കുന്നത്. ക്ഷേത്രങ്ങളിൽ ഇന്നലെ മുതൽ പൂജവയ്പ്പ് ചടങ്ങുകൾ ആരംഭിച്ചിരുന്നു. നവരാത്രിയുടെ സമാപനമായ മഹാനവമി പൂജയും, ആഘോഷവും നാളെ നടക്കും. വിജയദശമി ദിവസമായ ഞായറാഴ്ച രാവിലെ പൂജയെടുപ്പും തുടർന്ന് വിദ്യാരംഭവും നടക്കും.

*********************************

## നവരാത്രി-ശ്രീമൂകാംബിക (ഇൻട്രോ)

കർണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ ശ്രീ മൂകാംബിക ക്ഷേത്രത്തിൽ നവരാത്രി ഉത്സവത്തിലെ പ്രധാന ചടങ്ങായ പുഷ്പ രഥോത്സവം ഇന്ന് നടക്കും. രാത്രി 09.30 ന് നടക്കുന്ന പുഷ്പ രഥോത്സവത്തിന് മുഖ്യ അർച്ചകൻ സുബ്രഹ്മണ്യ അഡിഹ കാർമ്മികത്വം വഹിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗന്നിവാസൻ...**

(വോയിസ്)

*********************************

## തുഞ്ചൻ എഴുത്ത് കളരി-പൂജ

മലപ്പുറം തുഞ്ചൻ എഴുത്ത് കളരിയിൽ പുസ്തക പൂജ ആരംഭിച്ചു. വിദ്യാരംഭത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. പാരമ്പര്യ എഴുത്താശാൻമാർ എഴുത്തിരുത്തൽ ചടങ്ങ് നടക്കുന്ന കൃഷ്ണശിലാ മണ്ഡപത്തിലും സാഹിത്യകാരൻമാർ എഴുത്തിരുത്തൽ നടത്തുന്ന സരസ്വതി മണ്ഡപത്തിലേക്കുമുള്ള പ്രത്യേക വരികൾ ഒരുക്കി കഴിഞ്ഞു. വിദ്യാരംഭ ദിവസം പൂങ്ങോട്ടുകുളത്ത് നിന്ന് തുഞ്ചൻ പറമ്പ് റോഡിലേക്കുള്ള റോഡിൽ ഗതാഗതം നിയന്ത്രിക്കും.

PNUTVPM

*********************************

## അന്താരാഷ്ട്ര അംഗീകാരം

ദുരന്തലഘൂകരണവും കാലാവസ്ഥ വ്യതിയാനവും മുൻനിർത്തി കാസർഗോഡ് വലിയപറമ്പ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം. തിങ്കളാഴ്ച മുതൽ ഈ മാസം 18 വരെ ഫിലിപ്പൈൻസിലെ

മനിലയിൽ നടക്കുന്ന ദുരന്ത ലഘൂകരണം സംബന്ധിച്ച ഏഷ്യാ, പസിഫിക് മന്ത്രിതല സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡൻറ് വി വി സജീവൻ അംഗീകാരം എറ്റുവാങ്ങും.

**********************************

## പുത്തൻപാലം രാജേഷ് പിടിയിൽ

ലഹരി പാർട്ടിയുമായി ബന്ധപ്പെട്ട് പിടിയിലായ ഗുണ്ടാത്തലവൻ ഓം പ്രകാശിൻറെ കൂട്ടാളി പുത്തൻപാലം രാജേഷ് പിടിയിൽ. കോട്ടയം കോതനല്ലൂരിൽ നിന്നുമാണ് രാജേഷിനെ പൊലീസ് പിടികൂടിയത്. പീഡനക്കേസിൽ പ്രതിയായ ഇയാൾ ഒളിവിലായിരുന്നു. കൊച്ചിയിലെ ലഹരി പാർട്ടിയിൽ രാജേഷിന് ബന്ധമുണ്ടോ എന്ന് പൊലീസ് പരിശോധിക്കും.

**********************************

## പുറ്റിങ്ങൽ വെടിക്കെട്ട്

പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തകേസ് 2025 ജനുവരി ഒന്നിലേക്ക് മാറ്റി. കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയിരുന്ന അഡ്വ. പാരിപ്പള്ളി രവീന്ദ്രൻ അന്തരിച്ചിട്ട് പകരം നിയമനം നടന്നിട്ടില്. കേസിൻ്റെ വിചാരണയ്ക്ക് പ്രത്യേക കോടതി അനുവദിക്കുകയും ജഡ്ജി ഉൾപ്പടെ ഉള്ളവരുടെ തസ്തിക സൃഷ്ടിച്ചെങ്കിലും നിയമനം നടന്നിട്ടില്ല.

*

*******************

************************************************

PRD TVPM